ഡെസ്റ്റിനേഷൻ ബോർഡുകൾ എഴുതാനുള്ള കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, വോൾവോ തുടങ്ങിയ ബസ്സുകളിൽ ഇംഗ്ലീഷിൽക്കൂടി ഡെസ്റ്റിനേഷൻ ബോർഡുകൾ എഴുതാൻവേണ്ടിയുള്ള നിർദ്ദേശം നൽകുന്നകാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

(22) ബുദ്ധിമാന്ദ്യം സംഭവിച്ചകുട്ടികൾക്കായുള്ള വിദ്യാലയങ്ങൾക്ക് സർക്കാർ അംഗീകാരവും ഗ്രാന്റും

ശ്രീ. എം. മുരളി : സർ, സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രശ്നങ്ങളാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സ്പെഷ്യൽ സ്കൂളുകൾക്ക് മാത്രമായിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഡയറക്റ്ററേറ്റ് രൂപീകരിക്കണം. ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞുങ്ങൾക്കായിട്ട് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും സർക്കാർ അംഗീകാരം നൽകണം. അത്തരം സ്കൂളുകൾക്ക് ഗ്രാന്റും കുട്ടികൾക്ക് സ്കോളർഷിപ്പും നൽകുകയും ചെയ്യണം. സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി മറ്റു സ്കൂളുകളിലെപ്പോലെ നൽകണം. ഓരോ വിദ്യാഭ്യാസ ജില്ലയിലെയും വിവിധ വിദ്യാലയങ്ങളിലായിട്ട് പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞുങ്ങളെ ഒന്നോ രണ്ടോ സ്കൂളുകൾ തെരഞ്ഞെടുത്തുകൊണ്ട് അവിടെ അവർക്ക് പ്രത്യേകമായിട്ട് പരിശീലനം കൊടുക്കാനും അതിലേക്കായി അദ്ധ്യാപകരെയും സഹായികളെയും അവിടെ നിയമിക്കുകയും ചെയ്യണം. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കും അവരുടെ ഓരോ സഹായികൾക്കും ട്രാൻസ്പോർട്ട് ബസ്സിൽ യാത്രാസൗജന്യം അനുവദിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ടര ശതമാനം ഫണ്ട് ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കു വേണ്ടിയുള്ള പ്രോജക്ടുകൾക്കു വിനിയോഗിക്കണമെന്നു നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അത് ഒരിടത്തും ഇപ്പോൾ നടക്കുന്നില്ല. അക്കാര്യത്തിൽ പ്ലാനിംഗ് ബോർഡും ഗവൺമെന്റും നമ്മുടെ ലോക്കൽ ബോഡീസിനു കർശനമായ നിർദ്ദേശം നൽകണമെന്ന ആവശ്യവും കേരളത്തിലെ നിസ്സഹായരായ മന്ദബുദ്ധികളായ കുഞ്ഞുങ്ങൾക്കുവേണ്ടി ഞാൻ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന കാര്യമാണ്. ആയതിനാൽ ഈ കാര്യം ഇപ്പോൾ ഗവൺമെന്റിന് പരിഗണിക്കാൻ നിവൃത്തിയില്ല. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കായുള്ള സ്കൂളുകൾക്ക് താൽക്കാലിക അംഗീകാരം നൽകിയിരുന്നത് 3-3-1999-ലെ ഒരു ജി.ഒ. പ്രകാരം വിദ്യാഭ്യാസ വകുപ്പായിരുന്നു. സംസ്ഥാനത്തെ 104 സ്കൂളുകളും വിദ്യാഭ്യാസ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

1999-2000, 2000-2001 എന്നീ വർഷങ്ങളിൽ താല്ക്കാലിക അംഗീകാരം നൽകിയിട്ടുണ്ട്. പിന്നീട് ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സാമൂഹികക്ഷേമവകുപ്പിനു നൽകുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ സാമൂഹികക്ഷേമവകുപ്പു ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകിക്കൊണ്ടിരുന്നു. 18-1-2005-ലെ ഒരു ഉത്തരവ് പ്രകാരം ഇത്തരം സ്കൂളുകളെ വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തി. ഇപ്പോൾ ഇത്തരം സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ്. ഇതു കൂടാതെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനു പൊതു വിദ്യാഭ്യാസ വകുപ്പിനെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്ത് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ പഠിക്കുന്നതിനായി ഒരു എട്ടംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഇത്തരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് താൽക്കാലിക അംഗീകാരം നൽകിയെങ്കിലും യാതൊരു സാമ്പത്തികാനുകൂല്യവും നൽകിയിരുന്നില്ല. ഇത്തരം സ്കൂളുകൾക്ക് സാമ്പത്തിക സഹായം ലഭിച്ചിരുന്നത് കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നായിരുന്നു. സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണം ചെയ്യേണ്ടതാണ്. സംസ്ഥാനത്ത് നൂറിലധികം സ്പെഷ്യൽ സ്കൂളുകളുള്ളതിനാൽ ഒരു വിദ്യാഭ്യാസ സബ് ജില്ലയിൽ ഒന്നോ രണ്ടോ വിദ്യാലയങ്ങളാക്കുക പ്രായോഗികമല്ല. ഈ സ്കൂളുകളിൽ ചിലതെല്ലാം ഗ്രാന്റോടെ പ്രവർത്തിക്കുന്നവയാണ്. പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതുതന്നെ ചില മാനദണ്ഡങ്ങൾ അനുസരിച്ചാണ്. പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക ശ്രമകരമാണ്.

(23) കാർഷിക മേഖലയിൽ ഒരു ലക്ഷം പേർക്ക് തൊഴിൽ പദ്ധതി

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, 1995 മാർച്ച് മാസം നിലവിൽ വന്നതും 'ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി' എന്നു പറഞ്ഞ് 1995-ൽ ആവിഷ്ക്കരിച്ചതുമായ ഒരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇപ്പോൾ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്നും ആ പദ്ധതി എങ്ങും എത്താതെ നിൽക്കുകയാണ്. ഈ പദ്ധതിയിൽ 1100 രൂപ വച്ച് ഒരു ലക്ഷം യുവാക്കളിൽ നിന്നു അന്നത്തെ ഗവൺമെന്റ് വാങ്ങിക്കുകയും കുറെ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തിരുന്നു. അതിൽ പ്രധാനപ്പെട്ട വാഗ്ദാനം, കാർഷിക മേഖലയിൽ യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പാക്കും എന്നതാണ്. രണ്ടാമതായി 60 വയസ് പൂർത്തിയാക്കുമ്പോൾ പ്രതിമാസം പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുമെന്നും, മൂന്നാമത്തേത് അപകട മരണമോ അത്യാഹിതമോ സംഭവിച്ചാൽ ഒരു ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതിനു പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം നൽകുമെന്നും പറഞ്ഞിരുന്നു. അതുപോലെ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly